***അടിയന്തിരം***

"ഭരണഭാഷ – മാതൃഭാഷ"

(കേരള സംസ്ഥാനം)

വ്യാവസായിക പരിശീലന വകുപ്പ്

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ

പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695033

ഇ മെയിൽ :cru.dttvpm@kerala.gov.in ഫോൺ :0471-2303856

---

**DT/2439/2026-C3** **തീയതി: 28-07-2026**

---

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവ്യവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം – **Dual System of Training (DST)** മോഡിലേക്ക് പരിവർത്തനം ചെയ്യാത്ത തേർഡ് ഷിഫ്റ്റ് യൂണിറ്റുകളുടെ ഡി-അഫിലിയേഷൻ നടപടികൾ ബഹു കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരവിപ്പിച്ചത് – **NIMS** പോർട്ടൽ മുഖേന ഇൻസ്ട്രക്ടർ രജിസ്ട്രേഷൻ, അംഗീകാരം, മാപ്പിംഗ്, **DST** പരിവർത്തനം എന്നിവ സംബന്ധിച്ച ഡി.ജി.ടി നിർദേശങ്ങൾ – അറിയിപ്പ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:-

1. **DGT** യിൽ നിന്നുള്ള **30.04.2026** തീയതിയിലെ **DGT-Aff0misc/19/2022-TC SECTION E FILE - 56709** നമ്പരായ **DGT** അറിയിപ്പ്.
2. **02.05.2026** തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.
3. **DGT** യിൽ നിന്നുള്ള **27.07.2026** തീയതിയിലെ **DGT-HC044/37/2022-O/o DIR(TC) (E-55708)** നമ്പരായ ഓഫീസ് മെമ്മോറാണ്ടം

*********

സൂചനകൾ കണ്ടാലും. **2026** അക്കാദമിക് സെഷനിൽ **DST** മോഡിലേക്ക് പരിവർത്തനം ചെയ്യാത്ത എല്ലാ തേർഡ് ഷിഫ്റ്റ് യൂണിറ്റുകളും ഡീ-അഫിലിയേറ്റ് ചെയ്യപ്പെടുന്നതായും, ഇത്തരം യൂണിറ്റുകളിൽ തുടർന്ന് അഡ്മിഷൻ നടത്തുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുന്നതല്ല എന്നും **DGT** യിൽ നിന്നും സൂചന **(1)** പ്രകാരം അറിയിക്കുകയും, ഇത് സംബന്ധിച്ച തുടർ നിർദേശങ്ങളും, പ്രസ്തുത ഡി-അഫിലിയേഷൻ പട്ടികയിൽ ഉൾപ്പെട്ടിരുന്ന കേരള സംസ്ഥാനത്തെ **10** സ്വകാര്യ ഐ ടി ഐ കളുടെ വിവരങ്ങളും സൂചന **(2)** ചുറ്ററിയിപ്പ് പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

എന്നാൽ, ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതിയുടെ 20.07.2026 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2026–27 അധ്യയന വർഷത്തിൽ DST മോഡിലേക്ക് പരിവർത്തനം ചെയ്യാത്ത തേർഡ് ഷിഫ്റ്റ് യൂണിറ്റുകളുടെ ഡീ-അഫിലിയേഷൻ നടപടികൾ, ബഹു കോടതി, തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നതായും, **ഡീ-അഫിലിയേഷൻ പട്ടികയിൽ ഉൾപ്പെട്ട മൂന്നാം യൂണിറ്റുകളിൽ 2026-27 അക്കാദമിക് സെഷനിൽ പ്രവേശനം നടത്താവുന്നതാണെന്നും സൂചന (3) പ്രകാരം DGT യിൽ നിന്നും അറിയിച്ചിട്ടുണ്ട്.**

കൂടാതെ, DST മോഡിലേക്ക് പരിവർത്തനം ചെയ്യാത്ത തേർഡ് ഷിഫ്റ്റ് യൂണിറ്റുകളുള്ള എല്ലാ ഐ.ടി.ഐകളും 07.08.2026 തീയതിക്കുള്ളിൽ NIMS പോർട്ടലിൽ ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ, അംഗീകാരം, മാപ്പിംഗ് എന്നിവ പൂർത്തിയാക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും 2026 വർഷത്തെ അഡ്മിഷൻ നടത്തുന്നതിനുള്ള സൗകര്യം പോർട്ടലിൽ ലഭ്യമാകുന്നത്.

അതോടൊപ്പം, ബാധിതമായ ഐ.ടി.ഐ.കൾക്ക്, അവരുടെ തേർഡ് ഷിഫ്റ്റ് യൂണിറ്റുകൾ 30.09.2026-നകം Dual System of Training (DST) മോഡിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള അവസരം അനുവദിച്ചിരിക്കുന്നതായും, അതിലേക്കായി, 30.09.2026 തീയതിക്ക് മുൻപായി അഫിലിയേഷൻ നോംസ് 2025 അനുസരിച്ച് പുതിയ അഫിലിയേഷൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്. അഫിലിയേഷൻ പോർട്ടലിൽ ഇതിനായുള്ള സൗകര്യം ഒരാഴ്ചക്കുള്ളിൽ ലഭ്യമാകുന്നതാണ് എന്ന വിവരം 28.07.2026 തീയതിയിൽ കൂടിയ ഓൺലൈൻ വീഡിയോ യോഗത്തിൽ DGT അധികാരികൾ അറിയിച്ചിട്ടുണ്ട്. കൂടാതെ, **30.09.2026-നകം ഏതെങ്കിലും മൂന്നാം ഷിഫ്റ്റ് യൂണിറ്റ് DST മോഡിലേക്ക് പരിവർത്തനം ചെയ്യാത്തപക്ഷം, പ്രസ്തുത യൂണിറ്റ് മുൻകൂർ അറിയിപ്പൊന്നും നൽകാതെ ഡി.ജി.ടി. പോർട്ടൽ മുഖേന ഡി-ആക്ടിവേറ്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.**

മേൽ സാഹചര്യത്തിൽ, സൂചന (3) ലെ DGT യുടെ നിർദേശത്തിനു വിധേയമായി, തേർഡ് ഷിഫ്റ്റ് യൂണിറ്റുകളിൽ അഫിലിയേഷൻ നിലവിലുള്ളതും, DST യിലേക്ക് മാറാത്തതുമായ സ്ഥാപനങ്ങളിൽ, പ്രസ്തുത ഷിഫ്റ്റിൽ, അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിനു മുന്നോടിയായി, NIMS/SIDH പോർട്ടലിൽ എല്ലാ ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ, അംഗീകാരം, മാപ്പിംഗ് എന്നിവ പൂർത്തിയാക്കേണ്ടതാണ്. അതിനു പുറമെ, തേർഡ് ഷിഫ്റ്റ് യൂണിറ്റുകൾ ഉള്ള സ്ഥാപനങ്ങൾ പ്രസ്തുത ഷിഫ്റ്റ് DST മോഡിലേയ്ക്ക് മാറ്റുന്നതിലേയ്ക്ക് 30.09.2026-നകം തുടർനടപടികൾ

സ്വീകരിക്കേണ്ടതും, പ്രസ്തുത തീയതിയ്ക്ക് മുൻപ് തന്നെ പുതിയ അഫിലിയേഷൻ പോർട്ടൽ മുഖേനെ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതും, ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സൂചന (3) ലെ DGT യുടെ നിർദേശത്തിനു വിധേയമായി നടപടികൾ സ്വീകരിച്ച് കൊണ്ട്, തേർഡ് ഷിഫ്റ്റ് യൂണിറ്റുകൾ DST യിലേക്ക് മാറ്റുന്നതിനുള്ള ഉത്തരവാദിത്വം അതാത് സ്ഥാപനങ്ങൾക്കു മാത്രമായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)**

ഉള്ളടക്കം : മേൽ പ്രസ്താവിച്ചത്

സ്വീകർത്താവ്:

എല്ലാ സർക്കാർ/പ്രൈവറ്റ് സ്ഥാപനമേധാവികൾ

പകർപ്പ്:

1. ഐ.ടി സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനായി)
2. സ്റ്റോക്ക് ഫയൽ(സി2 സീറ്റ്)



File No. DT/2439/2026-C3 (Computer No. 885471)

Generated from eOffice by ARYA A R, C 3 DTTVPM., C3 DTTVPM, INDUSTRIAL TRAINING DEPARTMENT on 28/07/2026 04:41 PM